പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 469

27.09.2016 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡ്

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ

(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

(എ) ഓണച്ചന്തയിലേക്ക കൺസ്യൂമർ ഫെഡ് എത്ര അരി വാങ്ങിയിട്ടുണ്ടെന്നും എവിടെനിന്ന് എത്ര തുക നൽകിയാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(എ) ഓണചന്തയിലേയ്ക്ക് കൺസ്യൂമർഫെഡ് 6863.59 ടൺ അരി വാങ്ങിയിട്ടുണ്ട്. വിവിധ വിതരണക്കാരിൽ നിന്നായി 180899034.00 രൂപ നൽകിയാണ് അരി വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വിതരണക്കാരന്റെ പേര് | അളവ് (ടൺ) | വാങ്ങിയ വില |
|---|---|---|---|
| ജയ അരി | അബ്ദുൾ ലത്തീഫ് | 332.92 | 94,12,987.92 |
| | കേരള ട്രേഡേഴ്സ് | 2466.60 | 7,01,51,070.96 |
| കുറുവ അരി | അബ്ദുൾ ലത്തീഫ് | 277.00 | 6,60,6450.00 |
| | ഹസ്സർ ട്രേഡിംഗ് | 220.80 | 52,66,080.00 |
| | ഖദീജാ ഏജൻസിസ് | 213.00 | 50,75,790.00 |
| | ജമാൽ ട്രേഡിംഗ് | 737.27 | 1,78,55,744.56 |
| | ശ്രീവിനായക എന്റർപ്രൈസ് | 272.00 | 64,84,800.00 |
| പച്ചരി (ഐ. ആർ 8) | എ.ആർ ട്രേഡിംഗ് | 115.03 | 27,44,496.50 |
| | ആഷിക് ട്രേഡേഴ്സ് | 200.32 | 49,08,011.50 |
| | ഹസ്സർ ട്രേഡിംഗ് | 882.02 | 2,21,03,875.00 |
| | ഖദീജാ ഏജൻസിസ് | 95.25 | 23,55,532.50 |
| മട്ട ഉണ്ട | ഹസ്സർ ട്രേഡിംഗ് | 93.45 | 24,60,538.50 |
| | അന്ന ആഗ്രോ | 20.25 | 5,58,900.00 |
| | ഖദീജാ ഏജൻസിസ് | 937.68 | 2,49,14,756.63 |
| ആകെ | | 6863.59 | 18,08,99,034.00 |

(ബി) ഓണച്ചന്തയിലേക്ക ഏത് അരി നൽകണമെന്നതായിരുന്നു ടെൻഡർ വ്യവസ്ഥ; ഈ വ്യവസ്ഥ പ്രകാരം തന്നെയാണോ അരി ഇറക്കുമതി ചെയ്തതെന്ന്

(ബി) ഓണചന്തയിലേയ്ക്ക് ജയ അരി, മട്ട ഉണ്ട, പച്ചരി (ഐ.ആർ 8) ആന്ധ്ര കുറുവ എന്നീ അരികൾ നൽകണമെന്നതായിരുന്നു ടെന്റർ വ്യവസ്ഥ. ഇതിൽ ആന്ധ്ര കുറുവ അരയ്ക്ക് പകരം തമിഴ്നാട് കുറുവ അരിയാണ് ഇറക്കുമതി ചെയ്തിരുന്നത്.

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ആയതിനുള്ള കാരണം ചുവടെ ചേർക്കുന്നു.<br>ആന്ധ്രാ കുറുവ അരിയുടെ വില വളരെ കൂടുതൽ ആയതിനാലും സബ്സിഡി ഇനത്തിൽ വില്പന നടത്തുന്നതിന് വിലകൂടിയ ആന്ധ്ര അരി വാങ്ങുമ്പോൾ ഫെഡറേഷന്റെ ഈ ഇനത്തിലുള്ള നഷ്ടം കൂടുന്നതിനാലും ഇത്തരം അരി യഥേഷ്ടം ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം സംജാതമാകാൻ ഇടയുള്ളതിനാലും, ഫെഡറേഷന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ നഷ്ടം വരുത്തുന്നത് ഒഴിവാക്കുന്നതിനായി ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് തമിഴ്നാട് കുറുവ അരി ഓണ വിപണിയിൽ വാങ്ങി നൽകിയിട്ടുള്ളത് |
| (സി) | ആന്ധ്ര അരി വാങ്ങാനാണു ക്വട്ടേഷനും പർച്ചേസ്സ് ഓർഡറും നൽകിയതെന്നും എന്നാൽ തമിഴ്‌നാട് അരിയാണ് കൺസ്യൂമർഫെഡ് ഓണചന്തയിലൂടെ വിറ്റതെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പർച്ചേസ് ഓർഡർ നൽകിയതും വാങ്ങിയതും തമിഴനാട് കുറുവ അരി തന്നെയാണ്. |
| (ഡി) | കൺസ്യൂമർ ഫെഡ് ഓണചന്തയിലേക്ക അരി വാങ്ങിയതിൽ ക്രമക്കേടുള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ? | (ഡി) | ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ